PAN/10159/2022-J4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
സ്വരാജ് ഭവൻ,നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം – 695003
directorofpanchayat@gmail.com
0471-2323286 തീയതി : 08/07/2022

**സർക്കുലർ**

**വിഷയം: "ONE -LOCAL BODY - ONE PRODUCT"- പദ്ധതി സംബന്ധിച്ച്**

**സൂചന:**
1. **തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 07/03/2022 തീയതിയിലെ ഡി.എ 1/178/2021 – തസ്വഭവ നമ്പർ സർക്കുലർ .**
2. **തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 25/06/2022 തീയതിയിലെ സ.ഉ. (സാധാ) നം.1529/2022/തസ്വഭവ നമ്പർ ഉത്തരവ്**
3. **തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17/06/2022 തീയതിയിലെ എ 3/299/2022/പി.ഡി.എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ**

2022-23 സംരംഭക വർഷമായി സൂചന ( 2 ) ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട് . ഉത്തരവ് പ്രകാരം കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ഏകദേശം നാല് ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുന്നതിന് തദ്ദേശസ്വയംഭരണം , ഫിഷറീസ് , മൃഗസംരക്ഷണം, വ്യവസായ വാണിജ്യ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് ഈ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും സംരഭകർക്ക് നൽകുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലും ഒരു ഇന്റേണിനെ നിയമിക്കുന്നതിനും അപ്രകാരം നിയമിച്ചിട്ടുള്ള ഇന്റേൺസിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം സൂചന ( 3 ) സർക്കുലർ പ്രകാരം നൽകിയിരുന്നു. ആയത് പ്രകാരം സംരംഭക ശില്പശാലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ചു വരുന്നു .

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പും വ്യവസായ വാണിജ്യ വകുപ്പും സംയുക്തമായി ചേർന്ന് **"ONE LOCALBODY - ONE PRODUCT"** എന്ന ഒരു പദ്ധതി കൂടി "**ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സംരംഭം"** പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് .ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലേയും വിഭവ സ്രോതസ്സിന്റെ ലഭ്യതയുടെ

അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തി എറ്റെടുക്കുവാൻ കഴിയുന്ന ഉത്പന്നങ്ങളുടെ ഒരു സാധ്യതാ പട്ടിക വ്യവസായ വാണിജ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ടി പട്ടിക പരിശോധിച്ച് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അനുയോജ്യമായ ഉത്പന്നങ്ങളുടെ സാധ്യത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതികൾക്കു പ്രത്യേക യോഗം കൂടി തീരുമാനിക്കാവുന്നതും ടി വിവരം ഇതിനോടൊപ്പം നൽകുന്ന പ്രോഫോർമ പ്രകാരം തയ്യാറാക്കി അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തി തന്നിരിക്കുന്ന പട്ടികയിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്താവുന്നതും ആയതിന്റെ ആവശ്യകത ബോധ്യപ്പെടുത്തക്ക രീതിയിൽ തീരുമാനം എടുത്ത് അറിയിക്കേണ്ടതും ആണ് .

കേരള സംസ്ഥാനം വിവിധ വിഭവ സ്രോതസ്സുകൾ നിറഞ്ഞ നാടായതിനാൽ വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വളരെ വലുതാണ് കൃത്യമായ ഒരു ആസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന "ONE LOCALBODY-ONE PRODUCT" എന്ന പദ്ധതിയുടെ വിജയം കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും കർഷകർക്കും , മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പ് വരുത്തുവാനും ആയതു വഴി സംസ്ഥാന സർക്കാരിന്റെ **ഫ്ളാഗ് ഷിപ്പ്** പദ്ധതിയായ **"ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ "** എന്ന പദ്ധതിയ്ക്ക് ഊർജ്ജം പകരുവാനും കഴിയും . കൂടാതെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്ക് പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സബിഡി അനുവദിക്കുന്നതിനും സാധിക്കും . വ്യവസായ വാണിജ്യ വകുപ്പിന്റെ കൂടി ധനസഹായം **" ONE LOCALBODY ONE PRODUCT "** എന്ന പദ്ധതിയ്ക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നുണ്ട്.

മേൽ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ചുവടെപ്പറയുന്ന കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ തദ്ദേശസ്ഥാപന അദ്ധ്യക്ഷൻമാരേയും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരേയും, പഞ്ചായത്ത് സെക്രട്ടറിമാരേയും ഉൾപ്പെടുത്തി ഒരു യോഗം അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടമാർ വിളിച്ച് കൂട്ടേണ്ടതാണ് . പ്രസ്തുത യോഗത്തിൽ

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ സഹായത്തോടെ ശില്പശാലകൾ നടന്നുവെന്ന് ഉറപ്പു വരുത്തുക.

2. ശില്പശാലകൾ നടന്ന തദ്ദേശ സ്ഥാപനങ്ങളിൽ വ്യവസായ വാണിജ്യ വകുപ്പിന്റെയും ബാങ്കുകളുടേയും സഹായത്തോടെ ലോൺ, ലൈസൻസ് മേളകൾ ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

3. ശില്പശാലകൾ നടന്ന തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകരെ കൂട്ടിയിണക്കി വ്യവസായ വാണിജ്യ വകുപ്പിന്റെ സഹായത്തോടെ സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കുക.

4. വ്യവസായ വാണിജ്യ വകുപ്പ് നൽകിയ സാധ്യതാ പട്ടിക പ്രകാരം നൽകിയ ഉൽപ്പന്നങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ വ്യക്തമായ കാരണം രേഖപ്പെടുത്തി പുതിയത് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തെരഞ്ഞെടുക്കാവുന്നതാണ് .

5. **"ONE LOCALBODY-ONE PRODUCT "** എന്ന രൂപത്തിൽ വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതാണ്.

6. PPP – Model – പങ്കാളിത്തം ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ആയതിനാൽ സ്വകാര്യസംരംഭകരെ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്
1. ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
5. കരുതൽ അധികം ഫയൽ